**അടിയന്തരാവസ്ഥ തടവുകാരനും ചിത്രകാരനുമായ വി. മോഹനൻ പ്രതികരിക്കുന്നു**



**മരിച്ചുപോയ** കരുണാകരൻ ഇനിയും വിചാരണ ചെയ്യപ്പെടണം. അയാൾ ചെയ്ത പാതകങ്ങൾ അത്ര പെട്ടൊന്നൊന്നും തേച്ചു മാച്ചു കളയാനാവില്ല. ഫൈൻ ആർട്സ് കോളേജിന് അയാളുടെ പേരിട്ട് അപമാനിക്കരുത്, കരുണാകരനെ മഹത്വവത്കരിക്കാനുള്ള ശ്രമം ആസ്ഥാന ചിത്രകാരൻമാരും കലാകാരൻമാരും സാംസ്കാരിക നായകൻമാരും എവിടെയെന്ന് തെളിയിച്ചു. ഇങ്ങനെയെങ്കിൽ സസ്യാഹാരിയും സംഗീത പ്രേമിയുമായ സാക്ഷലൽ ഹിറ്റ്ലറുടെ പേര് ചെമ്പൈ സംഗീത കോളേജിനിടാമായിരുന്നു. വേണമെങ്കിൽ ഏതെങ്കിലും പാലത്തിനോ റോഡിനോ കരിങ്കാലിയുടെ പേരിടാമായിരുന്നു. അങ്ങനെയെങ്കിൽ നമുക്ക് മൂത്രമൊഴിച്ചു പ്രതിഷേധിക്കാമല്ലോ. ഇയാൾ ചിത്രകാരനാണെങ്കിൽ ഞാൻ ചിത്രം വര നിർത്തും. മനസിലൊരു വിങ്ങലാണ് അടിയന്തരാവസ്ഥക്കാലത്തെ ഓർമകൾ. അറപ്പുണ്ടാക്കുന്ന ഒരു വ്യക്തിത്വം,

## തൃശൂർ ഫൈൻ ആർട്സ് കോളേജിന് കരുണാകരന്റെ പേരിടരുത്

അതാണ് ഒട്ടും കരുണയില്ലാത്ത കരുണാകരൻ. തന്നോട് തന്നെ സത്യസന്ധത പുലർത്താത്ത, നീതിയോ കരുണയോ ഇല്ലാത്ത ഒരു ക്രിമിനലിന് കേരളമൊന്നാകെ പ്രണാമമർപ്പിച്ചപ്പോൾ നിരാശയേക്കാളേറെ ലജ്ജയാണെനിക്കുണ്ടായത്. ശരിയാണ്, ഒരു പക്ഷെ കരുണാകരൻ ചിത്രകാരനായിരിക്കാം. അയാൾ ജീവനെടുത്തു തന്നെ ചിത്രം വരച്ചിരുന്നു.

പ്രതികരണം

# കേരളീയത്തിന്റെ ഈ പതിപ്പ് വ്യർഥം

**പരമേശ്വരൻ കോഴിക്കോട്**

**വ്യർഥവും** വെറും പാഴുമാണ് ഈ പതിപ്പ്. കേരളീയ സമൂഹത്തിൽനിന്ന് മറയുന്ന ഫ്യൂഡൽ മാടമ്പി അധികാര പ്രമത്തതയുടെ ഒരു ആൾരൂപത്തെ (ആദ്യകാലത്തെ കോൺഗ്രസ്സ് അന്തരീക്ഷം അദ്ദേഹത്തെ ജനകീയനാക്കി മയപ്പെടുത്തി എന്ന തെറ്റിദ്ധാരണയുണ്ട്) വാർദ്ധക്യവും പുത്തൻ മാധ്യമ മൂലധന ശക്തികളുടെ ജനകീയ നേതാക്കളുടെ പിടിമുറുക്കലും അപ്രസക്തമാക്കിയിട്ട് ഒരു ദശാബ്ദം പിന്നിട്ടു. കേരളീയത്തിനെന്തേ ഈ ഹാങ്ഓവർ രാഷ്ട്രീയം? ഓരോ ആണ്ടിലും എ ത്തുന്ന ശ്രാദ്ധം പോരേ ഈ ഫ്യൂഡൽ മാടമ്പിയെ ഓർക്കാൻ? ഇത്രയേറെ കടലാസിന്റെ ധൂർത്ത് വേണോ?

പഴയ രാജാക്കന്മാർ വലിയ വഴിയമ്പലങ്ങളും വലിയ കുളങ്ങളും വലിയ മരങ്ങളും സൃഷ്ടിച്ചതുപോലെ ഈ മാടമ്പി അന്താരാഷ്ട്ര സ്റ്റേഡിയവും എയർപോർട്ടും മറ്റും നൽകി മലയാളീ മൂലധന ശക്തികൾക്ക് ഒരു പ്രതീകമായി. അതിലേറെ എന്തുണ്ട് കരുണാകരനെ ഓർക്കാൻ? മറ്റു മർദ്ദക രീതികൾ ഒരു മാടമ്പിയ്ക്കൊത്തതു മാത്രം, മാടമ്പിയ്ക്കൊപ്പം മറയുന്നതും.

### പുസ്തക പരിചയം/കൈപ്പറ്റി



**എന്റെ ജീവിതം (ആത്മകഥ)**
- കല്ലേൻ പൊക്കുടൻ
തയ്യാറാക്കിയത് : ശ്രീജിത്ത് പൈതലേൻ,
പേജ് 194, വില:100 രൂപ
ഡിസി ബുക്സ് കോട്ടയം



**ചൂട്ടാച്ചി (ഓർമ്മകൾ)**
- പുഴജീവികളെ കുറിച്ചുള്ള പൊക്കുടന്റെ ഓർമ്മകൾ.
എഡിറ്റർ : ആനന്ദൻ.പി
പേജ്: 98, വില : 60രൂപ
ഡിസി ബുക്സ് കോട്ടയം

### പുതിയ ഡോക്യുമെന്ററി



**നാളെയുടെ ചിറകുകൾ**
ഡോക്യുമെന്ററി(മലയാളം)

**നർമ്മദ സമരത്തിന്റെ 25-ാം വാർഷികത്തിൽ പങ്കെടുത്ത യുവമനസുകളുടെ യാത്രാനുഭവവും കാഴ്ചപ്പാടും**

ദൈർഘ്യം: 51.46 മിനിറ്റ്
ക്യാമറ, നിർമ്മാണം, സംവിധാനം: സതീഷ് കെ
നിർമ്മാണസഹായം: സൽസബീൽ ഗ്രീൻ സ്കൂൾ, കിരാലൂർ, തൃശ്ശൂർ, വില:100രൂപ
ബന്ധങ്ങൾക്ക് 9447375279/934935737